REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 22-08-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- രാഷ്ട്രീയ വിജ്ഞാൻ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു.
- ആന്ധ്രാപ്രദേശിൽ മരുന്നു ഫാക്ടറിയിലെ പൊട്ടിത്തെറിയിൽ 17 പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും അനുശോചിച്ചു.
- മുണ്ടക്കൈ ദുരന്തത്തെക്കുറിച്ച് വിദഗ്ധ സംഘം ഇന്ന് റിപ്പോർട്ട് സമർപ്പിക്കും.
- വയനാട് പുനരധിവാസം തികഞ്ഞ പരാജയമാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ.
- വളർത്തു മൃഗങ്ങൾക്ക് വാക്സിനേഷൻ നൽകി സുരക്ഷിതത്വം ഉറപ്പാക്കണമെന്ന് മന്ത്രി J. ചിഞ്ചുറാണി.

## വാർത്തകൾ വിശദമായി

രാഷ്ട്രീയ വിജ്ഞാൻ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു രാഷ്ട്രപതി ഭവനിൽ സമ്മാനിച്ചു. ചന്ദ്രയാൻ - 3 ദൗത്യത്തിന് പിന്നിൽ പ്രവർത്തിച്ച ISROയിലെ ശാസ്ത്രജ്ഞർക്കാണ് ഇത്തവണ പുരസ്ക്കാരം. Vigyan Ratna അവാർഡ് I.I.S.T മുൻ ഡയറക്ടർ പ്രൊഫ. G. പത്മനാഭന് സമ്മാനിച്ചു. ശാസ്ത്ര-സാങ്കേതിക മേഖലയിലെ മികവിന്

രാജ്യം നൽകുന്ന പരമോന്നത അംഗീകാരമാണ് രാഷ്ട്രീയ വിജ്ഞാൻ പുരസ്ക്കാരം.

✪✪✪

ആന്ധ്രാപ്രദേശിൽ മരുന്നു ഫാക്ടറിയിലെ പൊട്ടിത്തെറിയിൽ 17 പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചിച്ചു. അപകടത്തിൽ മരിച്ചവരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും രാഷ്ട്രപതി പറഞ്ഞു. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു.

അപകടകാരണം കണ്ടെത്താൻ ഉന്നതതല അന്വേഷണം നടത്തുമെന്നും അനാസ്ഥ കണ്ടെത്തിയാൽ ഫാക്ടറി മാനേജ്മെന്റിനെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി N.ചന്ദ്രബാബു നായിഡു പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പോളിഷ് പ്രധാനമന്ത്രി ഡൊണാൾഡ് ടസ്കുമായി വാഴ്സയിൽ പ്രതിനിധിതല ചർച്ച നടത്തും. പോളണ്ട് പ്രസിഡണ്ട് ഓൺ ഡ്രീ ഡൂഡ യുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. തുടർന്ന് പ്രധാനമന്ത്രി ഉക്രൈനിലേക്ക് പോകും. ഉക്രൈനിയൻ പ്രസിഡണ്ട് വൊളോഡിമർ സെലൻസ്കിയുടെ ക്ഷണപ്രകാരമാണ് അദ്ദേഹം സന്ദർശനത്തിനെത്തുന്നത്. കീവിൽ അദ്ദേഹം

ഒട്ടേറെ ഉഭയകക്ഷി വിഷയങ്ങളിൽ സെലൻസ്കിയുമായി ചർച്ച നടത്തും. വിദ്യാർത്ഥികളടക്കം ഉക്രൈനിലെ ഇന്ത്യൻ സമൂഹവുമായി പ്രധാനമന്ത്രി സംവദിക്കുകയും ചെയ്യും.

✪✪✪

നാളെ പ്രഥമ ദേശീയ ബഹിരാകാശ ദിനം. ഇതിന്റെ ഭാഗമായി രാജ്യത്തുടനീളം ആഘോഷ പരിപാടികൾ സംഘടിപ്പിക്കും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ആഘോഷം ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ വർഷം ഓഗസ്റ്റ് 23-ന് ചന്ദ്രയാൻ-3 ദൗത്യം പൂർത്തീകരിച്ചതിന്റെ സ്മരണയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ചന്ദ്രനെ തൊടുമ്പോൾ ജീവിതങ്ങളെയും സ്പർശിക്കുന്നു എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

കൊൽക്കത്തയിൽ യുവ വനിത ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ കേസിന്റെ തൽസ്ഥിതി റിപ്പോർട്ട് CBI ഇന്ന് സുപ്രീംകോടതിയിൽ സമർപ്പിക്കും. RG കർ മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പലിനെ CBI ചോദ്യം ചെയ്യുന്നത് തുടരുകയാണ്. നിലവിലെ മെഡിക്കൽ സൂപ്രണ്ട്, വൈസ് പ്രിൻസിപ്പൽ എന്നിവരേയും ചോദ്യം ചെയ്യുകയാണ്.

✪✪✪

തമിഴ്നാട്ടിൽ തമിഴക വെട്രി കഴകത്തിന്റെ പതാക പാർട്ടി സ്ഥാപകൻ ചലച്ചിത്ര താരം വിജയ് ചെന്നൈയിൽ പുറത്തിറക്കി. മതത്തിന്റെയും ജാതിയുടെയും പേരിൽ നിലനിൽക്കുന്ന വിവേചനങ്ങൾക്കെതിരെ പോരാടുമെന്നും

അതിനായി രാഷ്ട്രീയ ശ്രമം ഇന്നാരംഭിക്കുമെന്നും വിജയ് പറഞ്ഞു.

✪✪✪

മുണ്ടക്കൈ ദുരന്തത്തെക്കുറിച്ച് വിദഗ്ധസംഘം ഇന്ന് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കും. ഭൗമശാസ്ത്രജ്ഞൻ ജോൺ മത്തായിയുടെ നേതൃത്വത്തിൽ രൂപീകരിച്ച സംഘമാണ് റിപ്പോർട്ട് തയ്യാറാക്കിയത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ദുരന്തമേഖലയിലെ തുടർ പ്രവർത്തനങ്ങൾ.

✪✪✪

ചൂരൽമല മുണ്ടക്കൈ പുനരധിവാസം തികഞ്ഞ പരാജയമാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ കൽപ്പറ്റയിൽ പറഞ്ഞു. നിരുത്തരവാദപരമായ പ്രവർത്തനമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതെന്നും, മന്ത്രിസഭ ഉപസമിതി ഇപ്പോൾ സ്ഥലം വിട്ടിരിക്കുകയാണ് എന്നും അദ്ദേഹം കുറ്റപ്പെടുത്തി. ക്യാമ്പുകളിൽ കഴിയുന്ന ആളുകളെ താൽക്കാലികമായി പുനരധിവസിപ്പിക്കാൻ പോലും ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.. മന്ത്രിമാരെല്ലാവരും ആദ്യം കാണിച്ച താൽപര്യം കാണിക്കാതെ ഇപ്പോൾ സ്ഥലം വിട്ടിരിക്കുകയാണെന്നും സുരേന്ദ്രൻ പറഞ്ഞു.

✪✪✪

കണ്ണൂർ കോടതിയുടെ പുതിയ കെട്ടിട സമുച്ചയത്തിന് നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ.........

................വോയ്സ്.............

✪✪✪

ഗവൺമെന്റിന്റെ പൊലീസ് നയത്തിൽ ഏതെങ്കിലും തരത്തിൽ വെള്ളം ചേർക്കാൻ ശ്രമിച്ചാൽ എത്ര ഉന്നതനായാലും മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് മന്ത്രി K.രാജൻ അറിയിച്ചു. കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ 34-ാം സംസ്ഥാന സമ്മേളനം വടകരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ മിത്രമായി പൊലീസ് മാറണമെന്നും വയനാട് ദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട എല്ലാ പൊലീസുകാർക്കും നന്ദി അറിയിക്കുന്നതായും K.രാജൻ പറഞ്ഞു.

✪✪✪

ഹേമകമ്മറ്റി റിപ്പോർട്ടിൽ കോൺക്ലേവ് സംഘടിപ്പിക്കുമെന്ന സംസ്ഥാന ഗവൺമെന്റ് നിലപാട് അപഹാസ്യമാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. നാലരവർഷത്തോളം റിപ്പോർട്ട് പൂഴ്ത്തിവെച്ചത് ഗവൺമെന്റ് വേട്ടക്കാർക്കൊപ്പമാണ് എന്നതിന്റെ തെളിവാണെന്നും സതീശൻ വ്യക്തമാക്കി. റിപ്പോർട്ട് പൂഴ്ത്തിവെച്ചത് ഗുരുതര കുറ്റകൃത്യമാണെന്നും കോൺക്ലേവ് നടത്തുന്നത് സ്ത്രീത്വത്തിന് അപമാനമാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

✪✪✪

വീട്ടിൽ വളർത്തുന്ന ഓമനമൃഗങ്ങൾക്ക് വാക്സിനേഷൻ നൽകി സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് അതിപ്രധാനമാണെന്ന് മന്ത്രി J. ചിഞ്ചുറാണി പറഞ്ഞു. 2030-ഓടെ സംസ്ഥാനത്തെ പേവിഷ വിമുക്തമാക്കുകയെന്ന ഗവൺമെന്റിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ സമൂഹത്തിന്റെ പിന്തുണ അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ സഹായത്തോടെ കൊല്ലം കോർപ്പറേഷൻ നടപ്പാക്കുന്ന 'റാബീസ് ഫ്രീ കൊല്ലം പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വളർത്തുമൃഗങ്ങളെ സംബന്ധിച്ച സമഗ്രവിവരം ലഭ്യമാകുന്ന ചിപ്പ് ഘടിപ്പിക്കുന്ന 'ഇ-സമൃദ്ധ പദ്ധതിക്ക് ഒക്ടോബർ ഒന്നിന് പത്തനംതിട്ടയിൽ തുടക്കമാകുമെന്നും മന്ത്രി അറിയിച്ചു. പ്രത്യേക വാഹനത്തിൽ എത്തുന്ന പരിശീലനം നേടിയ സംഘം തെരുവ് നായ്ക്കളെ പിടിച്ച് അവിടെ വച്ചുതന്നെ പേവിഷ പ്രതിരോധ വാക്സിൻ നൽകുന്നതാണ് പദ്ധതി.

✪✪✪

ആറൻമുള ക്ഷേത്രത്തിലെ പ്രതിഷ്ഠാ ദിനമായ ഇന്ന് ആചാരങ്ങൾ പാലിച്ച് ഉത്രട്ടാതി ആചാര ജലമേള നടന്നു. കന്നിമാസത്തിലെ ഉതൃട്ടാതി നാളായ സെപ്റ്റംബർ 18ന് ആറൻമുള വള്ളംകളി നടക്കുന്നതിനാലാണ് ആചാരം നിലനിർത്താൻ പാർത്ഥസാരഥിക്ക് മുന്നിൽ 26 പള്ളിയോടങ്ങൾ ജലമേള നടത്തിയത്. രാവിലെ ആറന്മുള സത്രക്കടവിൽനിന്നാരംഭിച്ച ഘോഷയാത്രയിൽ രണ്ട് പള്ളിയോടങ്ങൾ വീതം മധുക്കടവിലെത്തി പൊതിയും പഴവും ക്ഷേത്രപ്രസാദവും പുകയിലയും ദക്ഷിണയായി സ്വീകരിച്ചു.

✪✪✪

ശനിയാഴ്ച അഹമ്മദാബാദിൽ ആരംഭിക്കുന്ന അണ്ടർ 19 ആൺകുട്ടികളുടെ ഓൾ ഇന്ത്യ ഇൻവിറ്റേഷൻ ലീഗ് കം നോക്കൗട്ട് ത്രിദിന ക്രിക്കറ്റ് ടൂർണമെന്റിന്റെ കേരള ടീമിലേക്ക് കണ്ണൂർ സ്വദേശിയായ സംഗീത് സാഗറിനെ തെരഞ്ഞെടുത്തു. 12 ടീമുകൾ പങ്കെടുക്കുന്ന ടൂർണ്ണമെന്റിൽ ബറോഡ, ബംഗാൾ, മുംബൈ എന്നീ ടീമുകളടങ്ങിയ ഗ്രൂപ്പ് ബി യിലാണ് കേരളം. മറ്റന്നാൾ മുംബൈയുമായും, 28-ന് ബറോഡയുമായും, സെപ്തംബർ 1 ന് ബംഗാളുമായും കേരളം ഏറ്റുമുട്ടും.

✪✪✪

ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ സതീഷ് കുമാർ കരുണാകരൻ ഇന്ന് പ്രിക്വാർട്ടറിൽ തായ്‌ലാന്റ് താരത്തെ നേരിടും.

ജപ്പാനിലെ യോകോഹോമ അരീനയിൽ ടൂർണമെന്റിലെ ആദ്യ മത്സരത്തിൽ പരിക്കേറ്റ ഡെൻമാർക്ക് താരം പിൻമാറിയതിനെത്തുടർന്നാണ് സതീഷ്കുമാറിന്റെ മുന്നേറ്റം.

✪✪✪

സംസ്ഥാന വനിതാ കമ്മിഷൻ സംഘടിപ്പിക്കുന്ന 'തൊഴിലിടത്തിലെ സ്ത്രീ' സംസ്ഥാനതല സെമിനാർ നാളെ കോഴിക്കോട് നടക്കും. ടൗൺഹാളിൽ രാവിലെ വനിത കമ്മിഷൻ അധ്യക്ഷ P സതീദേവി ഉദ്ഘാടനം ചെയ്യും. കമ്മീഷൻ അംഗങ്ങളും ജില്ലാ കളക്ടറും നിരവധി പ്രമുഖരും സെമിനാറിൽ പങ്കെടുക്കും.

✪✪✪

കഴക്കൂട്ടത്ത് നിന്ന് കാണാതായ അസം സ്വദേശിയായ പതിമൂന്നുകാരിയെ വിശാഖപട്ടണത്ത് കണ്ടെത്തി. താംബരം -സാന്ത്ര ഗച്ചി എക്സ്പ്രസിൽ കുട്ടിയെ അവശ നിലയിൽ കണ്ടെത്തുകയായിരുന്നു. കുട്ടി ഇപ്പോൾ റെയിൽവെ സംരക്ഷണ സേനയ്ക്കൊപ്പമാണ് .

പെൺകുട്ടിയെ തിരികെ കൊണ്ട് വരാൻ തിരുവനന്തപുരം പോലീസ് വിശാഖപട്ടണത്തേക്ക് പുറപ്പെട്ടിട്ടുണ്ട്. ചൊവ്വാഴ്ച രാവിലെ പത്തു മണിയോടെയാണ് കഴക്കൂട്ടത്ത് താമസിക്കുന്ന അതിഥിത്തൊഴിലാളികളുടെ മകളെ കാണാതായത്.

✪✪✪

കണ്ണൂർ ജില്ലയിൽ രക്ഷാബന്ധൻ ഉത്സവത്തിന്റെ ഭാഗമായി രാഖി കെട്ടിയ വിദ്യാർഥികളെ SFI പ്രവർത്തകർ ചോദ്യം ചെയ്യുകയും ഭീഷണിപ്പെടുത്തി ബലപ്രയോഗത്തിലൂടെ വിദ്യാർത്ഥികളുടെ രാഖികൾ നശിപ്പിക്കുകയും ചെയ്തതായി പരാതി. ABVP കാര്യകർത്താക്കൾക്കുനേരെ SFI നടത്തിയ കയ്യേറ്റശ്രമം അപലപനീയമാണെന്നും ജില്ലയിലെ ക്യാംപസുകളിൽ ABVP ശക്തമായി പ്രതിഷേധിക്കുമെന്നും കണ്ണൂർ ജില്ലാ സെക്രട്ടറി അശ്വിൻ P. സതീഷ് അറിയിച്ചു.

✪✪✪

തിരുവനന്തപുരം വിമാനത്താവളത്തിലെ ബോംബ് ഭീഷണി വ്യാജമാണെന്ന് പോലീസ് അറിയിച്ചു. മുംബൈയിൽ നിന്നും തിരുവനന്തപുരത്തേക്ക് വന്ന A.I-657 എന്ന വിമാനമാണ്

ബോംബ് ഭീഷണിയെ തുടർന്ന് അടിയന്തര ലാൻഡിങ് നടത്തിയത്. രാവിലെ ഏഴരയോടുകൂടി എത്തിയ വിമാനം ഉടൻതന്നെ ഐസൊലേഷനിലേക്ക് മാറ്റുകയായിരുന്നു. പൈലറ്റിന് ലഭിച്ച ഒരു ഫോൺകോളിന്റെ അടിസ്ഥാനത്തിലാണ് ബോംബ് വിമാനത്തിൽ ഉണ്ടെന്ന് അധികൃതർ സംശയിച്ചത്.

✪✪✪

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് 'പോഷക ബലം പ്രാണ ബലം' സെമിനാറിന് തിരുവനന്തപുരത്ത് തുടക്കമായി. വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സാഹിത്യകാരി റോസ് മേരി സെമിനാർ ഉദ്ഘാടനം ചെയ്തു. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി V. ശിവകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

✪✪✪

വയനാട് നൂൽപ്പുഴയിൽ കോളറ ബാധിച്ച് ഗോത്ര വർഗ വീട്ടമ്മ മരിച്ചു. തോട്ടാമൂല കുണ്ടാണംകുന്ന് പണിയ സങ്കേതത്തിലെ വിജില ആണ് ഞായറാഴ്ച മരിച്ചത്. കോളനിയിലെ 10 പേർ ബത്തേരി താലൂക്ക് ആശുപത്രിയിൽ ചികിത്സയിലാണ്. ചികിത്സയിൽ കഴിയുന്ന 22 കാരനും കോളറ സ്ഥിരീകരിച്ചു.

✪✪✪

സ്വർണ വില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞ് 53,440 ആയി. 6680 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪

ആലപ്പുഴയിലെ തദ്ദേശ അദാലത്ത് രാവിലെ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്തു. SDV സെന്റിനറി ഹാളിലാണ് അദാലത്ത് സംഘടിപ്പിച്ചിരിക്കുന്നത്.